# വചന വിചിന്തനം : ജൂൺ 28 ഞായർ, 2009

## വി. ലൂക്ക. 12: 16-34

ഹേ മനുഷ്യാ - സ്വത്തു ഭാഗം വയ്ക്കുമ്പോൾ സാധാരണയായി കണ്ടു വരുന്ന വഴക്കുകൾ പറഞ്ഞുതീർക്കാൻ റബ്ബിമാരെ വിളിച്ചിരുന്നു. പിതൃസ്വത്ത് പങ്കുവയ്ക്കാൻ മടികാണിക്കുന്ന സഹോദരനെക്കുറിച്ചുള്ള പരാതിയുമായി ഒരാൾ ഈശോയെ സമീപിക്കുന്നു. എന്നാൽ നിയമ പ്രശ്നങ്ങൾ പറഞ്ഞുതീർക്കുക തന്റെ ജോലിയല്ലെന്ന് ഈശോ പറയുന്നു. കാരണം സമ്പത്തിനോടുള്ള അത്യാഗ്രഹവും കൊതിയുമാണ് ഇത്തരം പ്രശ്നങ്ങൾക്കെല്ലാം കാരണം.

സമ്പത്തുകൊണ്ടല്ല മനുഷ്യജീവിതം ധന്യമാകുന്നത്.

- സമ്പത്തു മാത്രം കൊണ്ട് അർത്ഥപൂർണമായ മനുഷ്യജീവിതം സാധ്യമല്ല.

- ലോകം മുഴുവൻ നേടിയാലും ആത്മാവു നഷ്ടമായാൽ എന്തു ഫലം.

- തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കാതെ ദൈവസന്നിധിയിൽ സമ്പന്നനാകുക.

ഞാൻ എന്തു ചെയ്യും..... ഞാൻ ഇങ്ങനെ ചെയ്യും....

- സമ്പന്നന്റെ കണക്കുകൂട്ടലാണ് ഇത്.

- ദൈവം അവനെ ഭോഷാ എന്നു വിളിക്കുന്നു

- സുഭാ.16/1 മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു, അന്തിമമായ തീരുമാനം കർത്താവിന്റെ കർത്താവിന്റേതത്രേ.

- സങ്കീ. 14/1 -മുകളിലൊരു ദൈവമില്ലെന്ന് മൂഢൻ തന്റെ ഉള്ളിൽ പറഞ്ഞു.

- സങ്കീ. 48/16 - ഒരുവൻ സമ്പന്നനാകുമ്പോഴും അവന്റെ ഭവനത്തിന്റെ മഹത്വം വർദ്ധിക്കുമ്പോഴും നീ ഭയപ്പെടേണ്ട, അവൻ മരിക്കുമ്പോൾ ഒന്നും കൂടെ കൊണ്ടു പോവുകയില്ല.

സഭാപ്രസംഗകൻ 5/12-13 -ഭക്ഷിക്കുന്നത് അൽപമോ അധികമോ ആകട്ടെ, അദ്ധ്വാനിക്കുന്നവന് സുഖനിദ്ര ലഭിക്കുന്നു. എന്നാൽ അമിത സമ്പാദ്യം ധനികന്റെ ഉറക്കം കെടുത്തുന്നു. സൂര്യനു കീഴെ ഞാൻ വലിയൊരു തിന്മ കണ്ടു. ധനികൻ തന്റെ തന്നെ നാശത്തിന് മുതൽ സൂക്ഷിക്കുന്നു.

പ്രഭാഷകൻ 11/18-19 നിരന്തരമായ പ്രയത്നം കൊണ്ടും ലാഭം കൊണ്ടും ധനികരാകുന്നവരുണ്ട്. ഇതാണ് അവരുടെ നേട്ടം. ഞാൻ വിശ്രമം കണ്ടെത്തി എന്റെ സമ്പത്തിൽ ഞാൻ ആനന്ദിക്കും എന്ന് അവൻ പറയുന്നു. എല്ലാം വെടിഞ്ഞ് ലോകം വിടാൻ എത്ര നേരമുണ്ടെന്ന് അവൻ അറിയുന്നില്ല.

യാക്കോബ്. 1/10 ധനവാൻ താഴ്ത്തപ്പെടുന്നതിൽ അഭിമാനിക്കട്ടെ. എന്തെന്നാൽ പുല്ലിന്റെ പൂവുപോലെ അവൻ കടന്നു പോകും.

യാക്കോബ്. 2/5 തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദാനം ചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തിരഞ്ഞെടുത്തത് ലോകത്തിലെ പാവപ്പെട്ടവരെയല്ലേ.

-യാക്കോബ്. 5/1- ധനവാന്മാരേ നിങ്ങൾക്ക് സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ നിങ്ങളുടെ സമ്പത്ത് ക്ഷയിച്ചുകഴിഞ്ഞിരിക്കുന്നു.

പലതരത്തിലുള്ള ധനവാന്മാരെ നമ്മൾ കണ്ടിട്ടുണ്ട്. പണം പലിശയ്ക്ക് കൊടുത്ത് ധനവാന്മാരായവർ, ഭൂമിയിൽ അദ്ധ്വാനിച്ച് വിളവുണ്ടാക്കി സമൃദ്ധി നേടിയവർ, മക്കളെ പഠിപ്പിച്ച് ജോലി സമ്പദിച്ച് ധനവാന്മാരായവർ, കച്ചവടം നടത്തി ധനികരായവർ, പണം ലുബ്ധിച്ച് അത്യാവശ്യത്തിനുപോലും ചിലവഴിക്കാതെ സൂക്ഷിച്ചുവച്ച് ധനികരായവർ ഇങ്ങനെ പോകുന്നു ധനികന്മാരുടെ പട്ടിക. എന്നാൽ ഇന്ന് വി. ലൂക്കായുടെ സുവിശേഷം നമുക്ക് കാണിച്ചുതരുന്ന ഭോഷനായ ധനികൻ തന്റെ കൃഷി സ്ഥലം ധാരാളം വിളവു നല്കിയപ്പോൾ, സമൃദ്ധമായ സമ്പത്തുണ്ടായപ്പോൾ ദൈവത്തെ മറന്നുപോയവനാണ്. ദൈവത്തിന്റെ അനുഗ്രഹഫലമായി സമ്പത്തിന്റെ സമൃദ്ധിയുണ്ടായപ്പോൾ ദൈവവിചാരം നഷ്ടപ്പെട്ടുപോയവനാണ്. കൈയ്യിൽ മിച്ചം കാശുണ്ടായപ്പോൾ വീടു പൊളിച്ചു പണിയാൻ തീരുമാനിച്ചവനാണ്. പാപിയെക്കുറിച്ച് വ്യർത്ഥസ്വപ്നങ്ങൾ നെയ്യുകയും ശേഷിച്ചകാലം വിശ്രമിച്ചും തിന്നും കുടിച്ചും കഴിച്ചുകൂട്ടാമെന്ന് വിചാരിക്കുകയും ചെയ്ത മൂഢനായ ധനികനെ ദൈവം 'ഇന്നു രാത്രിയിലെ' അപകടത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നു.

## സ്വാർത്ഥത ഏറ്റവും വലിയ തിന്മ

മറ്റുള്ളവർക്ക് ഉപകരിക്കാത്ത ജീവിതം പാഴ്ജീവിതമാണ്. ഈ ലോകത്തിൽ ഇന്നനുഭവിക്കുന്ന ദുഃഖദുരിതങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കാരണം മനുഷ്യന്റെ സ്വാർത്ഥതയാണ്. ധനവാന്റെ വയൽ ധാരാളം വിളവ് നല്കിയപ്പോൾ അയാൾ അവിടെ അദ്ധ്വാനിച്ച കൂലിക്കാരെ മറന്നു, ബന്ധുമിത്രാതികളെ മറന്നു, അയൽപക്കത്തുള്ള പട്ടിണിപാവങ്ങളെ മറന്നു. കാലാകാലങ്ങളിൽ മഴ നല്കിയും സൂര്യനെ ഉദിപ്പിച്ചും തന്റെ വിളവിന് കാരണഭൂതനായ ദൈവത്തെ മറന്നു. ഓർമ്മിച്ചത് ഒന്നുമാത്രം, സ്വന്തം ഉദരം, സ്വന്തം സുഖം, സ്വന്തം നിലനില്പ്. ദൈവം നമുക്ക് നല്കിയിട്ടുള്ളവയെല്ലാം അത് ധനമാകാം, സമയമാകാം, കഴിവുകളാകാം മറ്റെന്തെങ്കിലുമൊക്കെയാകാം അവ പങ്കുവയ്ക്കാൻ വിസമ്മതിക്കുന്ന സ്വാർത്ഥതയാണ് സർവ്വ ദുഃഖങ്ങൾക്കും കാരണം.

ധനികന്റെ സ്വാർത്ഥത അയാളുടെ വാക്കുകളിൽ നിന്ന് വ്യക്തമാണ്. എന്റെ വിളവ്... എന്റെ ധാന്യപ്പുര... എന്റെ ധാന്യം.... എന്റെ വിഭവങ്ങൾ.... എന്റെ ആത്മാവ്.... തുടങ്ങിയ പദങ്ങൾതന്നെ അവനിലെ സ്വാർത്ഥതയുടെ തെളിവാണ്. അവന്റെ സ്വപ്നങ്ങളിൽ തീറ്റയും കുടിയും ശാരീരികമായിട്ടുള്ള ആനന്ദവും മാത്രമേയുള്ളൂ.

## സമ്പത്ത് പങ്കുവയ്ക്കാനുള്ളതാണ്

സമ്പത്ത് ദൈവത്തിന്റെ അനുഗ്രമാണ്. സമ്പത്തുകാലത്ത് കളപ്പുര പണിത് ധാന്യം ശേഖരിച്ച പൂർവ്വപിതാവായ ജോസഫ് ക്ഷാമകാലത്ത് സഹോദരങ്ങളുമായി പങ്കുവയ്ക്കുന്നതായി ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. തന്റെ സമ്പത്തിന്റെ സമൃദ്ധി സഹോദരനുമായി പങ്കുവയ്ക്കപ്പെടേണ്ടതാണ് എന്ന തിരിച്ചറിവ് ഈ ധനികന് ഇല്ലാതെപോയി.

പാലസ്തീനായിൽ രണ്ട് കടലുകൾ ഉണ്ട്. ഗലീലി തടാകവും ചാവുകടലും. ഗലീലി തടാകം മത്സ്യംകൊണ്ടും ശുദ്ധജലം കൊണ്ടും സമ്പന്നം. അതിനു ചുറ്റും ധാരാളം ആളുകൾ തിങ്ങിപാർക്കുന്നു. മറ്റേത് ചാവുകടൽ. പേരുപോലെതന്നെ അരോചകത്വം ഉളവാക്കുന്ന ഉപ്പുവെള്ളത്തിൽ ജീവികളുടെ സാന്നിദ്ധ്യം നന്നേകുറവ്. അതിന്റെ കരയിൽ ഫലവൃക്ഷങ്ങൾ കാര്യമായിട്ടില്ല.

ഈ രണ്ട് കടലിലേക്കും ഒരു നദി ഒഴുകുന്നുണ്ട്. ജോർദ്ദാൻ നദി. എന്താണന്തരം?

ഒന്ന് സ്വീകരിക്കുകയും കൊടുക്കുകയും ചെയ്യുന്നു(ഗലീലി തടാകം). മറ്റേത് സ്വീകരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നു(ചാവുകടൽ). സ്വാർത്ഥപരമായി സൂക്ഷിക്കുന്നവർ മറ്റുള്ളവർക്ക്

നന്മയൊന്നും ചെയ്യുന്നില്ല. സ്വയമേവ നല്ലവരാകാനും അവർക്കാവില്ല. കൊടുക്കുവിൻ നിങ്ങൾക്ക് ലഭിക്കും, നിറച്ചളന്ന് അമർത്തി കുലുക്കി നിങ്ങളുടെ മടിയിലേക്ക് ഇട്ടുതരും.

തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചുവയ്ക്കാതെ ദൈവസന്നിധിയിൽ സമ്പന്നനാകാനാണ് യേശു ആഹ്വാനം ചെയ്യുന്നത്(12/21). ദൈവസന്നിധിയിൽ സമ്പന്നനാകണമെങ്കിൽ നിന്റെ സമ്പത്ത് നിനക്കുവേണ്ടി സൂക്ഷിച്ചു വയ്ക്കാതിരിക്കുക. നിന്റെ സമൃദ്ധി മറ്റുള്ളവനുമായി പങ്കുവയ്ക്കുക.

<u>**നീ എന്തിന് ആകുലപ്പെടുന്നു**</u>

സമ്പത്തുള്ളവന്റെ ഉത്കണ്ഠ 'ഞാൻ എന്തു ചെയ്യും' എന്നോർത്താണ്. 'എന്തു ഭക്ഷിക്കും', 'എന്തു ധരിക്കും' എന്നോർത്ത് സമ്പത്തില്ലാത്തവൻ ഉത്കണ്ഠപ്പെടുന്നു. സമൃദ്ധിയും ഇല്ലായ്മയും നിന്റെ ജീവിതത്തെ പിടിച്ചുലയ്ക്കാതിരിക്കണമെങ്കിൽ നീ ദൈവത്തിൽ ആശ്രയിക്കണം.

സമ്പത്തിൽ ആശ്രയിക്കാതെ ദൈവത്തിലാശ്രയിക്കുന്നതിലൂടെ മാത്രമേ ഉത്കണ്ഠാരഹിതമായ ജീവിതം സാധ്യമാകു എന്നതിന്റെ സാക്ഷ്യമാണ് സൃഷ്ടപ്രപഞ്ചം എന്ന് യേശു സാക്ഷ്യപ്പെടുത്തുന്നു. വിതയ്ക്കാതെ കൊയ്യാതെ വിശപ്പടക്കുന്ന കാക്കകളും, നൂൽനൂൽക്കാതെ വസ്ത്രം നെയ്യാതെ  അലംകൃതമാകുന്ന ലില്ലിപൂക്കളും ദൈവപരിപാലനയുടെ ജീവസ്സുറ്റ സാക്ഷ്യങ്ങളാണ്. ''ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക ബാക്കിയെല്ലാം ദൈവം നിനക്കു നല്കും''. ഭൗതികതയിൽ ആശ്രയിക്കുന്നതിന്റെ അനന്തരഫലമാണ് ഉത്കണ്ഠ. ദൈവവിശ്വാസം ഉത്കണ്ഠ ഇല്ലാതാക്കുന്നു.

വിശ്വാസത്തിന്റെയും ദൈവാനുഭവത്തിന്റെയും ആഴമളക്കാനുള്ള മാനദണ്ഡമാണ് ഉത്കണ്ഠ. വിശ്വാസം കൂടുമ്പോൾ ഉത്കണ്ഠ ഇല്ലാതാകുന്നു. വിശ്വാസം കുറയുമ്പോൾ ഉത്കണ്ഠ പെരുകുന്നു.

**എന്തുകൊണ്ട് ഉത്കണ്ഠ പാടില്ല.**

2 കാരണങ്ങൾകൊണ്ട്

1. ചരിത്രത്തേയും മനുഷ്യനെയും ദൈവം ഭരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നു. പക്ഷികളെയും ചെടികളെയും അതീവശ്രദ്ധയോടെ ദൈവം പരിപാലിക്കുന്നെങ്കിൽ ദൈവത്തിന്റെ മക്കളായ മനുഷ്യരെ അവിടുന്ന് ശ്രദ്ധിക്കുന്നതിന്റെ അളവെടുക്കാനാവുമോ? അതുകൊണ്ട് മനുഷ്യജീവിതത്തെപ്പറ്റി ഒരുപാട് ചിന്തിക്കേണ്ട. സ്വർഗ്ഗത്തിൽ നിക്ഷേപം കരുതിവയ്ക്കാൻ ശ്രദ്ധിക്കുക.

2. ദൈവം തന്റെ രാജ്യം സ്ഥാപിച്ചു കഴിഞ്ഞു. രൂപരഹിതവും അക്രമവുമായ ഒരു രാജ്യത്തല്ല ക്രിസ്ത്യാനികൾ ജീവിക്കുന്നത്. എല്ലാം താറുമാറായ ഒരവസ്ഥയിലല്ല അവർ. പ്രത്യുത ദൈവാത്മാവിന്റെ കൃപയാൽ ഭരിക്കപ്പെടുന്ന രാജ്യത്തിലാണ് അവർ ജീവിക്കുന്നത്. അതിനാൽ ഇനി ഉത്കണ്ഠ വേണ്ട.

**ഫാ. ജോസി പുതുപ്പറമ്പിൽ**